ഫോറസ്റ്റർ ഗ്രേഡ് I ൪ ൫
,, II ൩ ൫
,, III ൩ ൦

ഡെപ്യൂട്ടി റേഞ്ചർ എന്ന ലാവണം നിറുത്തലാക്കി.

റേഞ്ചർ ഗ്രേഡ് I ൱. ൨൫ ൦—൨ ൭ ൫
,, II ൬ ൦—൨൫ ൦

(സി) അറിഞ്ഞുകൂടാ.

(ഡി) ഇല്ല.

(ഇ) മുൻ ഉത്തരമനുസരിച്ച് ഈ ചോദ്യം ഉദിക്കുന്നില്ല.

ഡോക്ടർമാർ

*൨൫൫. (൨൦൫) ശ്രീ. പി. കെ. രാമൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി സദയം മറുപടി നൽകുമോ.—

എറണാകുളം ഡിസ്ട്രിക്ട് ആശുപത്രിയിലും, കൊച്ചി പ്രദേശത്തെ മറ്റു ഗവണ്മെണ്ട് ആശുപത്രികളിലുംകൂടി എത്ര സജ്ജന്മാരും സീനിയർമാരും ഓണററിയായി ജോലിനോക്കുന്നുണ്ട്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): കൊച്ചി പ്രദേശത്തെ വിവിധ ആശുപത്രികളിൽ ജോലിനോക്കുന്ന ഓണററി ഡോക്ടറന്മാരുടെ എണ്ണം താഴെ കാണുംപ്രകാരമാണ്.

1.	General Hospital, Ernakulam	.. 9
2.	Civil Hospital, Trichur	.. 7
3.	Maharaja's Hospital, Palluruthy	.. 3
4.	Maternity Hospital, Trichur	.. 3
5.	Ophthalmic Hospital, Ernakulam	.. 3
6.	Kunnamkulam Hospital	.. 2
7.	Irinjalakuda Hospital	.. 2
8.	Ayyampilly Dispensary	.. 2
9.	Chalakudy Hospital	.. 1
10.	Crangannoore Hospital	.. 1
11.	Nemmara Hospital	.. 1
12.	Anthikad Dispensary	.. 2
13.	Chittoor Hospital	.. 1
14.	Narakkal Dispensary	.. 1

ഭക്ഷ്യക്ഷാമം

*൨൫൬. (൨൦൬) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിഭവമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ സംസ്ഥാനത്തെ ഭക്ഷ്യനില ഇത്ര ഗുരുതരമായ അവസ്ഥയിൽ എത്തിച്ചേരുന്നതിനുണ്ടായ കാരണങ്ങൾ എന്തെല്ലാമെന്നു പറയുമോ;

(ബി) ഇവിടത്തെ സാധുജനങ്ങൾ ഭക്ഷ്യക്ഷാമം മൂലം അനുഭവിക്കുന്ന ഉത്കണ്ഠാകരമായ അവസ്ഥയിൽനിന്നും അവരെ രക്ഷപ്പെടുത്തുന്നതിന് ഗവണ്മെണ്ട് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഗവണ്മെണ്ടിന്റെ പക്കൽ ഉണ്ടായിരുന്ന സ്റ്റോക്ക് വളരെ കുറവായതുകൊണ്ടും പുറമെനിന്നു വേണ്ടിടത്തോളം സ്റ്റോക്ക് കിട്ടാതിരുന്നതിനാലും

LIBRARY ARCHIVES Kerala Legislative Assembly